കമ്പ്യൂട്ടർ ചിത്രീകരണവും ദുരന്തത്തിന്റെ മുന്നോടിയായി തയ്യാറെടുപ്പ് നടത്തുന്നതിന് ഉപയോഗിക്കാവുന്ന സൂചനാ സംവിധാനങ്ങളെക്കുറിച്ച് വിശദമായ ഒരു കുറിപ്പും തയ്യാറാക്കിയിട്ടുണ്ട്. ദുരന്ത മാനേജ്മെന്റ് പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കി സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കു വേണ്ടി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) ഒരു സ്വയംഭരണ സ്ഥാപനമായി 1955-ലെ തിരുവിതാംകൂർ കൊച്ചിൻ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 1996-ൽ പ്രവർത്തനം തുടങ്ങിയ ഐ.എൽ.എമ്മിലെ നാച്ചുറൽ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം ദുരിതാശ്വാസ പ്രവർത്തനങ്ങളെപ്പറ്റി പ്രത്യേക പരിശീലന പരിപാടികളാണ് പ്രധാന മായും സംഘടിപ്പിക്കാറുള്ളത്. ഇതിന് കേന്ദ്ര ഗവൺമെന്റ് സഹായവും ലഭിക്കാറുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വിശദമായ പഠനങ്ങൾക്ക് അപര്യാപ്തമാണ്. അതിനാൽ ഇക്കാര്യത്തിനാവശ്യമായിവരുന്ന ചെലവുകൾക്കുള്ള ഫണ്ടിന്റെ ലഭ്യതയനു സരിച്ചു മാത്രമെ ഡേറ്റാബേസ് ഉണ്ടാക്കുന്നതുൾപ്പെടെയുള്ള കൂടുതൽ കാര്യങ്ങൾ നടപ്പിലാക്കാൻ ഐ.എൽ.എമ്മിന് സാധിക്കുകയുള്ളു.

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള ഉത്തരവുകൾ

25 [294] ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തത്തിനു ശേഷം ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിൽ നിന്നും ദുരന്ത ബാധിത പ്രദേശങ്ങളിലെ കടൽഭിത്തി നിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം തുടങ്ങിയവയ്ക്കായി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ എത്ര രൂപ ചെലവഴിക്കുന്നതിന് വേണ്ട സർക്കാർ ഉത്തരവുകൾ പുറത്തിറക്കി എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കുമോ;

(സി) സുനാമി പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് എത്ര സർക്കാർ ഉത്തരവുകൾ പുറത്തിറക്കി എന്നും അവ ഏതൊക്കെ പ്രദേശങ്ങളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായവയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി ആന്റ് ഡി) സുനാമി ദുരന്തം ബാധിച്ച പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിൽ നിന്നും പൊതുവായ ഉത്തരവുകൾ മാത്രമേ പുറപ്പെടുവിക്കാറുള്ളൂ. 28-12-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 387/04/ആർ.ഡി. പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡല മുൾപ്പെടെയുള്ള ദുരന്ത ബാധിത പ്രദേശങ്ങളിലെ പാലങ്ങൾ, കുഴൽ കിണറുകൾ, കടൽഭിത്തികൾ, കുടിവെള്ള വിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. 8-2-2005-ലെ സ.ഉ.(ആർ.റ്റി) നം. 794/05/DMD പ്രകാരം കടൽഭിത്തി നിർമ്മാണവും അറ്റകുറ്റപ്പണിയും തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ജലവിതരണം കാര്യക്ഷമമാക്കുന്നതിനും റോഡുകൾ പുനരുദ്ധരിക്കുന്നതിനും വേണ്ടി 28-1-2005-ലെ സ.ഉ. (ആർ.റ്റി.) നം.572/05/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി പ്രവൃത്തികളുടെയെല്ലാം വിശദമായ ഭരണാനുമതി പ്രവൃത്തികൾ ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പുകളാണ് പുറപ്പെടുവിക്കേണ്ടത്. സുനാമി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ദുരന്ത മാനേജ്മെന്റ് വകുപ്പിൽ നിന്നും, ജല വിഭവ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

1. സ.ഉ.(എംഎസ്)നം.387/04/RD. തീയതി 28-12-2004.
2. സ.ഉ.(ആർ.റ്റി)നം.794/05/DMD. തീയതി 8-2-2005.
3. സ.ഉ.(ആർ.റ്റി)നം.572/05/RD. തീയതി 28-1-2005.
4. സ.ഉ.(ആർ.റ്റി)നം.1274/04/PWD. തീയതി 29-12-2004.
5. സ.ഉ.(ആർ.റ്റി)നം.15/05/WRD. തീയതി 4-1-2005.
6. സ.ഉ.(ആർ.റ്റി)നം.28/05/WRD. തീയതി 7-1-2005.
7. സ.ഉ.(ആർ.റ്റി)നം.98/05/WRD. തീയതി 24-1-2005.
8. സ.ഉ.(എംഎസ്)നം.5/05/WRD. തീയതി 29-1-2005.
9. സ.ഉ.(ആർ.റ്റി)നം.191/05/WRD. തീയതി 17-2-2005.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.